ഉത്തരം

(എ) പുതുതായി 83 ഷാസികൾ വാട്ടർ ടെണ്ടറുകളായി ഫാബ്രിക്കേറ്റ് ചെയ്യുന്നതിനാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്.

(ബി) ഫാബ്രിക്കേഷൻ പൂർത്തിയായ 25 വാട്ടർ ടെണ്ടറുകൾ മാർച്ചിൽ ലഭിച്ചിരുന്നു. ബാക്കിയുള്ള 58 എണ്ണത്തിൽ 25 എണ്ണം ജൂലൈ മാസത്തിലും ബാക്കിയുള്ള 33 എണ്ണം 2015 നവംബറിന് മുൻപും ലഭിക്കുന്നതാണ്.

(സി) പുതിയ വാട്ടർ ടെണ്ടറുകൾ ലഭ്യമാകുമ്പോൾ മട്ടന്നൂർ ഫയർ സ്റ്റേഷന് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം

210 (1915) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച വിവിധ ഫണ്ടുകൾ ഏതെല്ലാമാണ്; ഇപ്രകാരം എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) ഇതേ കാലയളവിൽ സംസ്ഥാന സർക്കാർ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി ചെലവഴിച്ച തുക എത്ര വീതമാണ്;

(സി) ഇക്കാലയളവിൽ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നടത്തിയ നവീകരണ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ഇതേ കാലയളവിൽ കണ്ണൂർ ജില്ലയിലെ വിവിധ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾക്ക് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം), അഗ്നിശമന സേനയെ ശക്തിപ്പെടുത്തൽ (75 ശതമാനം സി.എസ്.എസ്.), സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ അനുവദിച്ച തുകകൾ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിലൂടെ ലഭ്യമായിട്ടുണ്ട്. ഇപ്രകാരം ആകെ 27,61,00,000 രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേ കാലയളവിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിനായി സംസ്ഥാന സർക്കാർ അനുവദിച്ച 44.86 കോടി രൂപയിൽ 37.75 കോടി രൂപ വകുപ്പ് ചെലവഴിച്ചു

(സി) ഇക്കാലയളവിൽ ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളായ അലൂമിനിയം എക്സ്റ്റൻഷൻ ലാഡർ, ഫ്ലോട്ട് പമ്പ്, സീറോടോർക്ക് നോസിൽ, ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, ചെയിൻ സാ, എമർജൻസി ടെണ്ടറുകൾ, റബ്ബർ ഡിങ്കി, ലൈഫ് ജാക്കറ്റ്, ഡൈവിംഗ് സ്യൂട്ട്, ജനറേറ്റർ, മൊബൈൽ ടാങ്കർ യൂണിറ്റ്, ജീപ്പ്, ആംബുലൻസ്, ബ്രീത്തിങ് അപ്പാരറ്റസ് സെറ്റ്, ചെയിൻസാ, അസ്കാലൈറ്റ് തുടങ്ങിവയ വാങ്ങുകയുണ്ടായി.

(ഡി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ നവീകരണത്തിനായി വാങ്ങിയ ഉപകരണങ്ങളിൽ 3 മൊബൈൽ ടാങ്കർ യൂണിറ്റ്, 1 ജീപ്പ്, 3 ആംബുലൻസ്, 2 മോട്ടോർ സൈക്കിൾ, 17 സേഫ്ടി ബെൽറ്റ്, 1 ഫ്ലോട്ട് പമ്പ്, 15 ബ്രീത്തിംഗ് അപ്പാറ്റസ്, 13 ചെയിൻസാ, 8 എക്സ്ടിംഗ്യൂഷർ, 4 അസ്കാലൈറ്റ്, 1 സ്വിമ്മിംഗ് സ്യൂട്ട്, 1 ഗ്യാസ് ഡിറ്റക്ടർ,. 5 സീറോ ടോർക് നോസിൽ 1, റിക്കവറി വെഹിക്കിൾ, 1 കൃക്ക് റെസ്പോണ്ടന്റ് വെഹിക്കിൾ, 10 ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്, 2 ഡിങ്കി, 1 ഫയർ സ്യൂട്ട്, 1 ജനറേറ്റർ സെറ്റ്, 4 ഹൈഡ്രോളിക് കട്ടർ എന്നിവ കണ്ണൂർ ജില്ലയിലെ വിവിധ നിലയങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ആലപ്പുഴ ഫയർ സ്റ്റേഷനിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

211 (1916) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഫയർ സ്റ്റേഷനിൽ അനുവദനീയമായ തസ്തികകൾ എത്ര ; നിലവിൽ ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ എത്ര; എത്ര ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ഫയർസ്റ്റേഷനിൽ നിന്നും ഈ അടുത്ത കാലത്ത് എത്ര ജീവനക്കാരെ സ്ഥലം മാറ്റി ; പകരം ആളെ നിയമിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആലപ്പുഴ ഫയർ സ്റ്റേഷനിൽ ആവശ്യമായ വിവിധ വാഹനങ്ങൾ എത്ര ; നിലവിൽ ഉള്ളവ എത്ര ; ഇതിൽ പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ളവ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly